**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1921** **29-07-2021 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖല നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ . സണ്ണി ജോസഫ്** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് പ്രതിസന്ധി കാരണം കേരളത്തിലെ കൈത്തറി മേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് 19 മഹാമാരി മൂലം കൈത്തറി മേഖലയിൽ നൂലിന് ക്ഷാമം, തൊഴിൽ നഷ്ടം, വിപണനത്തിൽ കുറവ് എന്നിവ സംഭവിച്ചിട്ടുണ്ട്. സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ നെയ്ത്ത് ജോലികൾ പുനരാരംഭിച്ചിട്ടുണ്ട്. കുടിശ്ശികയായിരുന്ന കൂലി നല്കുകയും വിപണനത്തിൽ വന്ന കുറവ് പരിഹരിക്കുന്നതിനായി റിബേറ്റ് ദിനങ്ങൾ അധികമായി അനുവദിയ്ക്കുകയും ചെയ്തു. ക്ഷേമനിധി ബോർഡ് വഴി ധനസഹായം നൽകുകയും ചെയ്തു. കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ടെക്സ്റ്റൈൽസ് മേഖലയുടെ പുനരുദ്ധാരണത്തിനായി 28.05.2020 ലെ സ.ഉ(സാധാ)നമ്പർ 352/2020/വ്യവ പ്രകാരം 7435 ലക്ഷം രൂപയുടെ പ്രത്യേകം പാക്കേജിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സർക്കാർ ഹാൻഡ്‌വീവിനടക്കം നൽകാനുള്ള കുടിശ്ശിക നൽകാതെ നെയ്ത്തു വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ; | (ബി) | ആക്ഷേപമായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന സർക്കാരിന്റെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിലും പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിലും ഹാൻവീവിന് കുടിശ്ശിക തുക നൽകുവാനുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കുടിശ്ശിക തീർക്കുന്നതാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ഹാൻവീവിന് സർക്കാർ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | കടുത്ത പ്രതിസന്ധി നേരിടുന്ന ഹാൻഡ്‌വീവിനു സാമ്പത്തിക സഹായം ലഭ്യമാക്കുമോ; നിലവിൽ സർക്കാർ ഹാൻഡ്‌വീവിനു കുടിശ്ശിക നൽകാനുണ്ടോ; ഉണ്ടെങ്കിൽ അത് സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | ആക്ഷേപമായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന സർക്കാരിന്റെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിലും പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിലും ഹാൻവീവിന് കുടിശ്ശിക തുക നൽകുവാനുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കുടിശ്ശിക തീർക്കുന്നതാണ്. കഴിഞ്ഞ സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷം ഹാൻവീവിന് സർക്കാർ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ